# PROFILE

Name of School : S.M.V.N.S.S. H.S.S KALLARA

Name of Village : Kallara

Name of Block : Kaduthuruthy

Name of District : Kottayam

Name of Revenue District : Kottayam

Name of Educational District : Kaduthuruthy

Name of Headmistress with phone number : S. Remadevi
Vineetha Nair. H
Mob. 9447775565

എസ് എം വി എൻ എസ് എസ് എച്ച് എസ് എസ് കല്ലറ

## ചരിത്രം

### ആമുഖം

കേരളത്തിൽ സാമൂഹ്യ പരിഷ്കരണ വേളയിൽ ദീപസ്തംഭങ്ങളായി തലയുയർത്തി നിൽക്കുന്ന വിദ്യാലയങ്ങൾ ക്ലേശനിർഭരമായ പ്രവർത്തനങ്ങളിലൂടെയാണ് അവരുടെ യശസ്സ് നേടിയെടുത്തത്. കല്ലറ ശ്രീ മാണിക്യവിലാസം എൻ. എസ്. എസ്. ഹയർസെക്കന്ററി സ്കൂളും ഇവയിലൊന്നാണ്. 1924 ജൂൺ മാസം 24-ാം തീയതിയാണ് ഈ സ്കൂൾ സ്ഥാപിതമായത്. ഒരു നാടിന്റെ പുരോഗതിക്ക് അടിസ്ഥാനമായി വേണ്ടത് ഒരു വിദ്യാകേന്ദ്രമാണെന്ന് മനസ്സിലാക്കിയ കല്ലറ നിവാസികളായ ശ്രീ. കെ. ആർ. കൃഷ്ണപിള്ള, കെ. ആർ ശങ്കരപിള്ള എന്നിവർ ചേർന്ന് തങ്ങളുടെ മാതാമഹിയായ കാഞ്ഞിരംപറമ്പിൽ ശ്രീമതി മാണിക്യം അമ്മയുടെ നാമധേയത്തിൽ ഈ വിദ്യാകേന്ദ്രത്തിനു തുടക്കം കുറിച്ചു. 1928-ൽ പ്രൈമറി സ്കൂളായും, 1938 ൽ മിഡിൽ സ്കൂളായും ഉയർത്തപ്പെട്ടു. 1947-ൽ എൽ. പി. വിഭാഗം സർക്കാരിലേക്ക് സറണ്ടർ ചെയ്തു. തുടർന്ന് എൻ. എസ്. എസ് മാനേജ്മെന്റ് ഏറ്റെടുത്തു. 1998-ൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയം മികവിന്റെ പാതയിലേയ്ക്ക് എത്തുവാൻ പരിശ്രമിച്ച് മുന്നേറുന്നു.

അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതോടൊപ്പം തന്നെ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വളർച്ചയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറി അന്തർദേശീയ നിലവാരത്തിലേയ്ക്ക്

ഉയർന്നു കൊണ്ടിരിക്കുന്നു. അക്കാദമിക് മികവാണ് വിദ്യാലയ മികവെന്ന ആശയത്തിലൂന്നി മുന്നേറുകയാണ് ഈ വിദ്യാലയം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുവാൻ വിദ്യാലയ മികവെന്ന ആശയത്തിലൂന്നി നിരവധി പ്രോജക്ടുകൾ അവതരിപ്പിച്ചിരിക്കുന്നു. ഈ പ്രൊജക്ടുകൾ നടത്തിപ്പിൽ വരുത്തുമ്പോൾ കൂടുതൽ വിദ്യാർത്ഥികളെ പൊതുവിദ്യാലയത്തിലേയ്ക്ക് ആകർഷിക്കുവാൻ സാധിക്കും എന്നു വിശ്വസിക്കുന്നു.

യു.പി. വിഭാഗം 3 ഡിവിഷനുകളും ഹൈസ്കൂൾ വിഭാഗം 4 ഡിവിഷനുകളുമായി നിലനിൽക്കുന്നു. കലാകായിക മത്സര രംഗങ്ങളിൽ സംസ്ഥാനതലംവരെ മുൻ വർഷങ്ങളിൽ എത്തിയിരുന്നു.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമായി പൊതു വിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യംവച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനു പുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപാഠം പഠിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്കപ്പുറത്തേയ്ക്ക് പഠനപ്രവർത്തനങ്ങളെ വികസിപ്പിക്കുക. പഠനവും പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക. നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (2005) നിർദ്ദേശങ്ങളും പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ്റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശ നിയമം (2009) മുന്നോട്ടുവെക്കുന്ന ആശയങ്ങളിലും ഊന്നിനിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

- 1 മുതൽ 12 വരെ ഓരോ ക്ലാസ്സിലും കുട്ടികൾ ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും (അന്താരാഷ്ട്ര നിലവാരത്തിൽ) ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. (പഠനവിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം. കലാകായിക പ്രവൃത്തിപരിചയ പഠനത്തിൽ പങ്കാളിത്തവും താത്പര്യവും ഉറപ്പാക്കണം. സാമൂഹ്യ രംഗത്തെ ധാരണ പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം. ഓരോ കുട്ടിയും മാതൃഭാഷയിലെങ്കിലും ആശയവിനിമയ ശേഷി നേടണം.)
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും

അവസരം ഒരുക്കും.

• അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ ഭൗതികസൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

• ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

• ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

* ക്ലാസ് മുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

• കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

• ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കും.

• പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിലേ കണ്ടെത്തി ആവശ്യമായ സഹായം പഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

• പഠനം ആകർഷകവും സർഗ്ഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയസൗകര്യങ്ങൾ ത്തിന്റെ ഭൗതികസൗകര്യങ്ങൾ വികസിപ്പിക്കും.

• സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവത്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.

• ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

* കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കു

- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയതലമുറയിൽ നിന്നും ഒഴിവാക്കാനാവുന്നതരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത - കീടനാശിനിമുക്ത - ലഹരി മുക്ത ക്യാമ്പസുകൾ സൃഷ്ടിക്കും.
- 'കാമ്പസ് തന്നെ പാഠപുസ്തകം' എന്ന ആശയത്തെ ജനകീയമായി വികസിപ്പിച്ചെടുത്ത് ജൈവവൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേകപരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- വിദ്യാഭ്യാസത്തിന്റെ ജനകീയവൽക്കരണം അർത്ഥപൂർണ്ണമാക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് ജനകീയ ഇടപെടൽ ഉറപ്പാക്കുക. പ്രാദേശിക വിഭവം പ്രയോജനപ്പെടുത്തും.
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്നവിധം പ്രയോജനപ്പെടുത്തും.

പൊതുലക്ഷ്യങ്ങൾ

1. ശുചിത്വവും ആരോഗ്യവുമുള്ള തലമുറയെ വാർത്തെടുത്ത് മാനുഷിക മൂല്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനും നമ്മുടെ സംസ്കാരം ഉൾക്കൊണ്ട് ജീവിക്കുവാനും ഓരോകുട്ടിയെയും പ്രാപ്തരാക്കുക.
2. 5-ാം ക്ലാസ്സ് മുതൽ 12 ക്ലാസ്സുവരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി ആർജ്ജിക്കേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തി മികച്ച പരിശീലനം നൽകുക.
3. പാഠ്യ പാഠ്യേതരവിഷയങ്ങൾക്ക് ഒരേപോലെ പ്രാധാന്യം നൽകി നേതൃത്വ പാടവമുള്ള ധാർമ്മിക ബോധമുള്ള ഒരുതലമുറയെ രൂപപ്പെടുത്തി എടുക്കുക.
4. അധ്യാപനം അനായാസവും രസകരവുമാക്കിമാറ്റാൻ പര്യാപ്തമായ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി പഠനം സുഗമമാക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം

## കാഴ്ചപ്പാട്

- കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹ സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമായ അനുഭവമൊരുക്കാൻ കഴിയുക.
- 5-12 വരെ ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- 20 വർഷം മുന്നിൽ കണ്ടുകൊണ്ട് വിദ്യാലയ വികസന സമിതി പദ്ധതി തയ്യാറാക്കാനും വിവിധ മേഖലകളിൽനിന്ന് (ഗവ, എം.എൽ.എ, എം.പി, ത്രിതലപഞ്ചായത്ത്, വ്യവസായികൾ, പൂർവ്വവിദ്യാർത്ഥികൾ) വിഭവസമാഹരണം നടത്തി വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കുക.
- 5 മുതൽ 12വരെ ക്ലാസ്സിലെ എല്ലാ കുട്ടികളും പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന ആശയങ്ങളും ധാരണകളും ശേഷിയും നൈപുണിയും മനോഭാവവും മൂല്യങ്ങളും അന്താരാഷ്ട്ര നിലവാരത്തോട് കിടപിടിക്കാനാവുംവിധം ആർജ്ജിക്കാനവസരമൊരുക്കുക.
- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനികസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- വിദഗ്ധരായ അധ്യാപകരുടെ സേവനം വിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതോടൊപ്പം വിദ്യാലയത്തിലെ ഓരോ അധ്യാപകന്റെയും അക്കാദമികവും സാങ്കേതികവുമായ മികവ് വികസിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾക്ക് ആസൂത്രണം ചെയ്യുക.
- പഠനവും ബോധനവും ആഹ്ലാദകരമായ അനുഭവമാക്കി മാറ്റുക.
- കുട്ടികളുടെ സർഗ്ഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് നൂതനവും സർഗ്ഗാത്മകവുമായ പ്രവർത്തനപദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുകയും നിരന്തരവിലയിരുത്തലിലൂടെ പരിമിതികൾ പരിഹരിച്ച് മുന്നേറുകയും ചെയ്യുക.
- കുട്ടിയുടെ പഠനവേഗത, പഠനശൈലി, എന്നിവ പരിഗണിക്കുന്ന പഠനപ്രക്രിയ സാധ്യമാക്കുക.
- സ്വയം പഠനം സംഘപഠനം എന്നിവ ഉറപ്പാക്കുന്നതിന് സഹായകമായ ആധുനിക സൗകര്യങ്ങളും ലൈബ്രറി, ലാബ് പോലെയുള്ള സംവിധാനങ്ങളും സ്ഥാപനവൽക്കരിക്കുക.
- സമ്പൂർണ്ണ ശുചിത്വ, പ്ലാസ്റ്റിക്, കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക.

- പ്രകൃതി തന്നെ പാഠപുസ്തകം എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.
- കുട്ടികളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ തത്സമയം പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിദ്യാലയത്തിൽ തന്നെ ഉറപ്പാക്കുക.
- വിദ്യാലയത്തിന്റെ സമസ്തമേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസം സമാധാനത്തിന് എന്നീ ആശയങ്ങൾ നടപ്പിലാക്കാനും കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശനിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.
- പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രതിഭകളുടെ സേവനം വിദ്യാലയത്തിൽ ലഭ്യമാക്കുക.

## അക്കാദമിക് മാസ്റ്റർ പ്ലാൻ UP_English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും തെറ്റാതെ സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend Your Ear - ലളിതവും അനായാസവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. തുടർന്ന് ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രാപ്തമാക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me if you can - ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breking News ഇംഗ്ലീഷ് ന്യൂസ് വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം അറിയുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം [illegible] ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അഭിനയിക്കാനുള്ള | ജൂൺ | | |

| | | |
|---|---|---|
| അവസരം ഒരുക്കുന്നു. | | |
| Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിദ്യാർത്ഥികളെ ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പിനും നമ്പർ നൽകി നിർദ്ദേശങ്ങളിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്താണെന്ന് കുട്ടികൾ തിരിച്ചറിയുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ |
| Meet the foreigner എന്നത് ഭാഷ സംസാരിക്കുന്ന വ്യക്തിയുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ |
| One manshow അവസരം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ |
| I Too Can: വ്യത്യസ്ത തലങ്ങളിലായി വിവിധ വായന സാമഗ്രികൾ ശേഖരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | Leaning Ladder: പാഠഭാഗത്തുനിന്നും തെരഞ്ഞെടുത്ത മൂന്ന് വാക്കുകൾ ഉൾപ്പെടുത്തി കുട്ടികൾ വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. കൂടുതൽ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | Reader of the month: ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു. Reader of the Month ആയി തെരഞ്ഞെടുക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |
| 3) തെറ്റുകൂടാതെ ഇംഗ്ലീഷിൽ എഴുതാൻ പ്രാപ്തരാക്കുന്നു | My Droplets കുട്ടികളുടെ കൈയെഴുത്ത് ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ [illegible] | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | Alert Zone. സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ പരിസരത്തിനകത്ത് ക്ലാസ്സുകളിലായി പ്രദർശിപ്പിക്കുന്നു. | ദിനാചരണ ദിനങ്ങൾ | ഇംഗ്ലീഷ് അധ്യാപകർ |
| | Run Baby Run. ക്ലാസിലെ ഒരു ചുമരിൽ ഉറക്കെ. ചാർട്ടിലെഴുതി ചേർത്ത വാക്കുകൾ ഓരോ chart ലേക്ക് തെറ്റുകൂടാതെ എഴുതുന്നു. എട്ടും പത്തും വാക്കുകൾ തെറ്റുകൂടാതെ എഴുതിയ വിദ്യാർത്ഥിയെ പ്രോത്സാഹിപ്പിക്കുന്നു. | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ |
| | Fun Time Funda: കടംകഥകൾ, കുസൃതി ചോദ്യങ്ങൾ വാക്കുകളുടെ കളികൾ എന്നിവ ആഴ്ചയിൽ ക്ലാസ്സിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും. | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വളർത്തുന്നു. | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അധ്യാപകരുടെ നേതൃത്വത്തിൽ ഒരു ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾ നിലവിലുള്ളവരെ പരിചയപ്പെടുത്താൻ കുട്ടികൾക്ക് അവസരം ഒരുക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ |
| | നൽകുന്നു. | | |

# U.P English Acadamic Master Plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | Lend Your Ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. തുടർന്ന് ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രാപ്തനാക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്. |
| | Follow Me If you can: ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം ഒറ്റക്കുട്ടിക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |

| | | |
|---|---|---|
| Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ചിട്ട് [illegible] ഒളിപ്പിക്കുന്നു. ഓരോരോ ഗ്രൂപ്പിനും നമ്പർ നൽകി നൽകുന്ന സ്ലിപ്പിലൂടെ ഒളിപ്പിച്ചിരിക്കുന്ന വസ്തുവിനെ കുറിച്ച് പറഞ്ഞിരിക്കുന്നു. വസ്തു എന്താണെന്ന് കുട്ടികൾ തിരിച്ചറിയുന്നു. ബോർഡിൽ നൽകുന്നു. | ഓഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |
| Meet the Foreigner: തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | വർഷത്തിൽ ഒരുതവണ | ഇംഗ്ലീഷ് അധ്യാപകർ |
| onemanshow വിഷയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് അവസരം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ |
| I Too Can: വ്യത്യസ്ത സന്ദർഭങ്ങളിലായി വിവിധ വായന കാർഡുകൾ കൊടു | | |

| | | | | |
|---|---|---|---|---|
| | ...ത്മ വായന പരിശീലിപ്പിക്കുന്നു | കരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (പ്രതിദിനവായനയിൽ നിന്നും സങ്കീർണ്ണവായനയിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |
| | | Leaning Ladder: പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി ക്ലാസ്സിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ഏറ്റവും കൂടുതൽ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പാരിതോഷി[illegible] [illegible] കിട്ടുന്നതിൽ സാധി[illegible] ആകുന്നു. സമ്മാനം നൽകുകയും ചെയ്യുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | | Reader of Month. ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the month നെ തെരഞ്ഞെടുക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ |
| 3) | തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets. കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി Class Magazine തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | Alert zone: സുരക്ഷാ ബോർഡുകൾ, പോസ്റ്ററുകൾ, സൈറണുകൾ, എന്നിവ സ്കൂൾ കോമ്പൗണ്ടിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണ ദിനത്തിൽ. | ഇംഗ്ലീഷ് അധ്യാപകർ |
| | Run Baby Run. ക്ലാസിനെ groupകളാക്കുന്നു. ചാർട്ടിൽ സൂചന പ്രദർശിപ്പിച്ച വാക്കുകൾ അനുയോജ്യമായി തിരഞ്ഞെടുത്ത് മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതണം. ഏറ്റവും കൂടുതൽ വാക്കുകൾ തെറ്റുകൂടാതെ എഴുതിയ groupനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഡിസംബറിൽ | ഇംഗ്ലീഷ് അധ്യാപകർ |
| | Fun time Funda: കഥകൾ, കടങ്കഥകൾ, പാട്ടുകൾ, തമാശകൾ എന്നിവ തയ്യാറാക്കി, ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ദിവസ പിരീഡിലും. | ഇംഗ്ലീഷ് അധ്യാപകർ |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള താല്പര്യം വളർത്തുക. | The Grand Camp: ഇംഗ്ലീഷിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും ഭാഷാപരമായ നിലവാരത്തെ ഉയർത്തുന്നതിനും | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്ലാസ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | [illegible] | ഇംഗ്ലീഷ് അധ്യാപകർ, PTA, രക്ഷിതാക്കൾ ഭാരവാഹികൾ. |

# യു. പി. മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും ചുറ്റുപാടിനെ പഠിക്കുന്നതും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിൽ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാ കേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉരുവിട്ട് അക്ഷരാഭ്യാസം എന്നിവ നടത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെടുത്തി കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | വാർത്താ ലോകത്തിലേക്ക്: പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഉച്ചാരണ ശുദ്ധി വളർത്താനും ശ്രമിക്കുന്നു | | | |
| | പത്രവായന: നവമാധ്യമങ്ങളിലൂടെ വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിവാരം | മലയാളം ക്ലബ് | |
| | അന്നത്തെ വാർത്ത പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ തലത്തിൽ സൃഷ്ടിപ്പുകൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം. | മലയാളം ക്ലബ് | മലയാളം ക്ലബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അടുത്ത ബന്ധം വളർത്തുക വഴി താരങ്ങളുടെ സർഗശേഷി വളർത്തൽ. | സംവാദം / മുഖാമുഖം: സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖസംഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | സോഷ്യലിസ്റ്റ് മലയാളം അധ്യാപകർ | പി.ടി.എ |
| 4) മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടുകയും സർഗാത്മക ശേഷി വളർത്തലും | ഇ-കമ്പ്യൂട്ടിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം<br>വർഷാവസാനം | മലയാളം, I.T അധ്യാപകർ<br>മലയാളം അധ്യാപകർ | മലയാളം ക്ലബ് |

| | | | | | |
|---|---|---|---|---|---|
| ...ർത്ഥികളുടെ കലാവാസനയെ പരിപോഷിപ്പിക്കൽ. | സാംസ്കാരികം: പഴന്തലമുറ ദൃശ്യവാദി ... കാഴ്ചകൾ, ചരിത്രങ്ങൾ തുടങ്ങിയവ സ്വന്തം നാട്ടിൽ അനുഭവിച്ചറിയാൻ അവസരം ലഭിക്കുന്നു. വിദേശീയരായ നാടക കലാകാരൻമാരെയും നാട് കലാകാരൻമാരെയും പങ്കെടുപ്പിച്ചു കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അടുത്ത വർഷം | പി.ടി.എ സ്റ്റാഫ് | പി.ടി.എ. | ...ിക ...ലനം |

# യു.പി. ഗണിതം അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് .... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ, | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽവെച്ച് ഗണിതക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിതക്ലബ്ബിലെ അംഗങ്ങളും | |

അക്കാദമിക് - മാസ്റ്റർ പ്ലാൻ

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദ |
|---|---|---|---|---|
| 4. ഗണിതാഭിരുചി വളർത്തൽ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ഫലികകൾ, ടാൻഗ്രാം, ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

അക്കാദമിക് - മാസ്റ്റർ പ്ലാൻ

മേഖല - യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കാൻ, നേടിയെടുക്കാൻ | കളിയിൽ നിന്ന് കാര്യത്തിലേക്ക് — സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ചെറിയ കളികൾ ഓരോ പഠിതാവിനും നൽകുന്നു. | വർഷാരംഭം June | S.S. teacher | |
| | ഓർത്ത് പറയാം — ദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി memory test നടത്തുന്നു. | " | " | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുക | Virtual field trip — ICT സാധ്യത ഉപയോഗപ്പെടുത്തി ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ, പ്രാദേശികമായ ചരിത്ര അവശേഷിപ്പുകൾ (സന്ദർശിക്കാൻ സാധ്യമാവുന്നത്). ഇതിലൂടെ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | SS teacher | 10,000 |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് മാതാപിതാക്കളോടൊപ്പം ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | SS teacher | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | SS teacher | |
| സഹജീവികളോട് സ്വഭാവന വളർത്തിയെടുക്കാൻ സഹായിക്കുന്നു. | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇടങ്ങൾ ഇവരെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കുകയും തങ്ങളാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം ഒരുക്കുകയും ചെയ്യുന്നു. മിതവ്യയശീലം കുട്ടികളിൽ വളർത്തിയെടുക്കാൻ ശ്രമിക്കുന്നു. ഇതിന്റെ ഭാഗമായി സ്വരൂപിച്ച വസ്തുക്കൾ ദുരന്തപ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | അക്കാദമിക വർഷം | SS teacher | |

| | | | | |
|---|---|---|---|---|
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗത്തെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നിവിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | വിവിധക്ലബ്ബ് ചുമതലപ്പെട്ട അദ്ധ്യാപകർ | 5,000 |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി തകർച്ചക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് കാരണമാകുന്ന കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | S.S teacher | 2000 |
| സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദ്ദേശീയതലത്തിലേക്ക് എത്തിക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തി നേടും വിധം അറിവ് സൃഷ്ടിക്കുന്നതിനും മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്തുന്നതിനും വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണ സംബന്ധിയായ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും എല്ലാ മാസവും monthly Quiz നടത്തി വിജയികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. | | | |

| | | | | |
|---|---|---|---|---|
| | ദേശീയ അന്തർദേശീയ തലത്തിലെ വാർത്തകൾ വായിക്കുകയും ലോക ഭൂപടത്തിന്റെ സഹായത്തോടെ രാജ്യങ്ങൾ അവയുടെ സ്ഥാനം എന്നിവ മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>2024 ലെ ഒളിമ്പിക്സുമായി ബന്ധപ്പെട്ട് പങ്കെടുത്ത രാജ്യങ്ങൾ അവയുടെ സ്ഥാനം എന്നിവ കണ്ടെത്തുന്നു. | അക്കാദമിക വർഷം | SS teacher | |

മേഖല: ഡി. ബി. ബേസിക് സയൻസ് (അടിസ്ഥാനശാസ്ത്രം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം ഇവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യത്തോട്ടം നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് ഹെൽത്ത് ക്ലബ് | പിടിഎ |
| | കണ്ടറിയാനൊരു യാത്ര<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽകാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ | ജൂലൈ | ശാസ്ത്രാധ്യാപകർ സയൻസ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | പരീക്ഷണക്കളരി<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ തയ്യാറാക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ | |
| 2. ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | മാസ്റ്റർ മൈൻഡ്: ഊർജ്ജ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ്, ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രീയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ. ഊർജ്ജ, സയൻസ്, ഹെൽത്ത് ക്ലബ്ബുകൾ | |

| | | | | |
|---|---|---|---|---|
| | ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ മേഖലകൾ അടങ്ങിയ പതിപ്പുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ക്ലാസുകളിൽ ഉണ്ടാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ് | പിടിഎ സയൻസ് ക്ലബ് |
| | ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായുള്ള അഭിമുഖം നിരീക്ഷിച്ച് ശാസ്ത്രവിഷയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം - ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | ശാസ്ത്രാവബോധം വളർത്തുന്നതിനായി ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ലൈബ്രറി- ക്ലാസ് ലൈബ്രറികൾ - | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## ഉപമേഖല - മലയാളം

### പ്രവർത്തനം - 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. | 1. അക്ഷരം ഉറപ്പിക്കൽ.<br>2. ചിഹ്നം ഉറപ്പിക്കൽ.<br>3. പദ നിർമ്മാണം.<br>4. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്. | 1 വർഷക്കാലം | മലയാളം ടീച്ചർ SRG | PTA Dept |
| 2 എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക. | 1. ക്ലാസ്സ് വായനാക്കൂട്ടം, രൂപീകരിക്കൽ.<br>2. ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ<br>3. റീഡിംഗ് റൂം പ്രത്യേക സൗകര്യം.<br>4. വായനോത്സവം<br>5. സ്കൂൾ ലൈബ്രറി നവീകരിക്കൽ | 1 വർഷം<br>ആവശ്യമനുസരിച്ച് | വിദ്യാരംഗം ചാർജ്, മലയാളം ടീച്ചർ<br>മലയാള അധ്യാപിക, SRG<br>മലയാളം ടീച്ചർ | PTA |
| 3. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>രാവിലെ പ്രധാന വാർത്തകളുടെ അവതരണം | ദിവസേന | മലയാളം ടീച്ചർ. | PTA |

## ഉപമേഖല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 4. സർഗ്ഗശേഷി വികസനം | സാഹിത്യക്വിസ്, രചനാശിൽപ്പശാല (കഥ, കവിത)<br>കവിതാലാപന മത്സരം<br>പുസ്തകചർച്ച<br>പുസ്തകാസ്വാദനം<br>പുസ്തകവണ്ടി (വീടുകളിലേക്ക് പുസ്തകം നൽകൽ) | മാസത്തിൽ 1തവണ | വിദ്യാരംഗം, SRG | |
| | | | | |

## ഉപമേഖല - ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി നടത്തൽ | ജൂൺ-മാർച്ച് | SRG | — |

അക്കാദമിക് മാസ്റ്റർ പ്ലാൻ HS ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷ് വായിക്കുവാനും സംസാരിക്കുവാനും പരിശീലിപ്പിക്കുക. | Lend your Ear - പ്രസിദ്ധമായ ഇംഗ്ലീഷ് പാട്ടുകളും നാടകവും ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | ഇംഗ്ലീഷിൽ ടീച്ചർ ചോദ്യങ്ങൾ നൽകുന്നു. നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷ് ന്യൂസ് കുട്ടികൾക്ക് കേൾക്കുവാനുള്ള അവസരം ഒരുക്കുന്നു. അതോടൊപ്പം English ദിനപ്പത്രം വായിച്ച് വാർത്തകൾ അവലോകനം ചെയ്യുന്നു. അസംബ്ലിയിൽ വാർത്തകൾ ഉച്ചാരണ ശുദ്ധിയോടെ വായിപ്പിക്കുന്നു. | ജൂലൈ - ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ | |
| | വിവിധയിനം കളികൾ (Puzzles, Treasure Hunt, തുടങ്ങിയവ ചെറിയ നിർദ്ദേശങ്ങൾക്കനുസൃതമായി കളിപ്പിക്കുന്നു | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ക്ലാസ്സ് റൂം ഉദാഹരണങ്ങളിലൂടെ ചെറിയ വിഷയങ്ങൾ നൽകി, അതിനെ പറ്റി ഒരു paragraph എഴുതുവാൻ ആവശ്യപ്പെടുന്നു. എഴുതിയതിനു ശേഷം കുട്ടികളെക്കൊണ്ട് ഉറക്കെ വായിപ്പിക്കുന്നു. വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. | | | |
| | Meet a Foreigner<br>വിദേശ ഭാഷ (English) മാത്രം സംസാരിക്കുന്ന വ്യക്തിയുമായി ആശയ വിനിമയം നടത്തുവാനുള്ള സാഹചര്യം ഉണ്ടാക്കുന്നു | വർഷത്തിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | Skit<br>തയ്യാറാക്കിയ Script നെ അടിസ്ഥാനമാക്കി English-ൽ Skit തയ്യാറാക്കുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Greeting Card ആഘോഷങ്ങളുടെ ഭാഗമായി കുട്ടികളെക്കൊണ്ട് | നവംബർ - ഡിസംബർ | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കാർഡുകൾ നിർമ്മിക്കുന്നു. കുട്ടികൾ തമ്മിൽ അഭിനന്ദിച്ച് കാർഡുകൾ കൈമാറുന്നു. | | English Teachers. | |
| | പാഠഭാഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത വാക്കുകൾ വിവിധ ഉപായങ്ങളുടെ പ്രദർശിപ്പിച്ച് തെറ്റു കൂടാതെ വായിക്കുവാൻ പരിശീലിപ്പിക്കുന്നു. | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ലളിതമായ വാക്കുകൾ നൽകി, അവയോരോന്ന് വായിപ്പിക്കുന്നു. | | | |
| | കുട്ടികളുടെ കലാസൃഷ്ടി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ | |
| | ദിനാചരണങ്ങളോടനുബന്ധിച്ച് പ്ലക്കാർഡുകൾ, നോട്ടീസുകൾ മുതലാ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| എഴുതുവാനുള്ള കഴിവ് ഉയർത്തുക | കഥ നിർമ്മിക്കുന്നു.<br>വിവിധ തരം കളികൾ Puzzles, Quiz, MCQ തുടങ്ങിയവ ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>പാഠഭാഗത്തിന്റെ അടിസ്ഥാനമാക്കി Skit, Drama തുടങ്ങിയവയുടെ അവതരണം<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവരുമായി സമ്പർക്കം പുലർത്താൻ അവസരം ഒരുക്കുന്നു. | February | ഇംഗ്ലീഷ് അധ്യാപകർ. | |

MASTER PLAN : HINDI

Hindi

മേഖല : അക്കാദമികം . ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 6, 7 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനും മികച്ച ശേഷി വർധിപ്പിക്കൽ CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പഠനത്തിൽ ഉണർവ് നൽകുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാക്കേജ് തയ്യാറാക്കുന്നു. CWSN SLOW Learner കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 8, 9 10 | ഹിന്ദി അധ്യാപകർ മറ്റ് ഭാഷാ അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. | ഓരോ ക്ലാസിലും ഹിന്ദി വായിപ്പിക്കുക<br>ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക<br>ഹിന്ദിയിൽ എണ്ണം, ആഴ്ച, മാസം എന്നിവയുടെ<br>ദൈനംദിന അവതരണം | പ്രതി-ദിനം | 5, 6, 7, 8, 9 | ഹിന്ദി അധ്യാപകർ |
| 4. | CWSN, slow learners കുട്ടികൾക്കാ-യി പ്രത്യേകം പരിശീലനം, ICT മുഖാന്തിരം പല വർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ച-യിൽ ഒരു പ്രാവശ്യം | 5, 6, 7 8, 9, 10 | ഹിന്ദി അധ്യാപകർ |
| 5. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | ആഴ്ച-യിൽ ഒരു പ്രാവശ്യം | 5, 6, 7 8, 9, 10 | ഹിന്ദി. അധ്യാപകർ |
| 6. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനാചര-ണങ്ങളുമായി ബന്ധപ്പെട്ട് | 7, 8, 9 10 | ഹിന്ദി അധ്യാപകർ |
| 7 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക<br>ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 5, 6, 7 8, 9, 10 | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>× ഡോക്യുമെന്ററി<br>× സിനിമ കാണാനുള്ള അവസരം<br>× വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5, 6, 7, 8 9,10 | ഹിന്ദി അധ്യാപകർ |
| 9. | കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തി-ക്കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാ-നും ഭാഷാപഠനം എളുപ്പത്തിലാക്കാനുമുള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 5, 6, 7, 8, 9, 10 | ഹിന്ദി അധ്യാപകർ |

HS - Physical Science.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) അത്ഭുത കണ്ണിലൂടെ | കുട്ടികളിൽ ശാസ്ത്ര അഭിരുചിയും, കൗതുകവും വളർത്താൻ, പരീക്ഷണം സ്വയം ആസൂത്രണം ചെയ്യൽ, പ്രായോഗ വസ്തുക്കളുടെ പ്രദർശനം. ലഘു പരീക്ഷണങ്ങൾ. | അക്കാദമിക വർഷം | Science Teacher. |
| 2) ഹൈടെക് ലാബ് | ക്ലാസ്സുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര പുസ്തക പ്രദർശനം, ICT -ടെ ഉപയോഗം പ്രയോജനപ്പെടുത്തൽ, മോഡലുകളുടെ ക്രിയാത്മ ഉപയോഗം. | അക്കാദമിക വർഷം | Science Teacher. |
| 3) ആരോഗ്യരേഖ | കുട്ടികളുടെ ആരോഗ്യ നില പരിശോധിക്കുന്നു. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്താൻ<br>* Plastic Free Campus<br>* പ്രതിരോധ [illegible]<br>* പച്ചക്കറിത്തോട്ടം<br>* ജലസംരക്ഷണം. | അക്കാദമിക വർഷം | Science Teacher. |

| | | | |
|---|---|---|---|
| 4) ശാസ്ത്ര പ്രോജക്ടുകൾ | * സെമിനാറുകൾ കുട്ടികൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതു വേദിയിൽ അവതരിപ്പിക്കാൻ അവസരം ഒരുക്കുന്നു.<br>* ശാസ്ത്ര ശില്പശാല സംഘടിപ്പിക്കുന്നു.<br>* കുട്ടികൾ നിർമ്മിച്ച വസ്തുക്കൾ പ്രദർശനം | അക്കാദമിക വിഭാഗം | Science Teacher |
| 5) ശാസ്ത്രീയ മനോഭാവം, വൈജ്ഞാനിക വികസിപ്പിക്കുന്നു | * ശാസ്ത്രകാരന്മാരുമായി സംവദിക്കൽ<br>* ഉത്തരം കണ്ടെത്തൽ<br>* ഔഷധ തോട്ടം.<br>* ക്വിസ് മത്സരങ്ങൾ, സെമിനാർ, project. എന്നിവയിൽ പങ്കെടുക്കുന്നു. | അക്കാദമിക വിഭാഗം | Science Teacher. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

H.S. Bio

## ജീവശാസ്ത്രം

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി ബോധവൽക്കരണം | പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ, പോസ്റ്റർ മത്സരം, പരിസ്ഥിതിദിന ക്വിസ് | ജൂൺ 5 | ഇക്കോ ക്ലബ് ബയോളജി വിഭാഗം | പി.ടി.എ സയൻസ് ക്ലബ് |
| 2 | ലാബ് ഉപയോഗ നൈപുണ്യങ്ങൾ | ലാബ് സുരക്ഷാ പരിശീലനം, മൈക്രോസ്കോപ്പ് പരിചയം | ജൂൺ 2nd ആഴ്ച | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട് |
| 3 | ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ വിവിധ തരം സസ്യങ്ങളുടെയും ജന്തുക്കളുടെയും പട്ടിക തയ്യാറാക്കൽ | ജൂലൈ മാസം | സയൻസ് ക്ലബ്, ബയോളജി വിഭാഗം | പി.ടി.എ |
| 4 | സസ്യസംരക്ഷണത്തിന് ബോധവത്കരണം | സസ്യോദ്യാനം, സ്കൂളിൽ പച്ചക്കറിത്തോട്ട നിർമ്മാണം, ഹെർബേറിയം നിർമ്മാണം. | ഓഗസ്റ്റ് ആദ്യ ആഴ്ച | ബയോളജി വിഭാഗം | പി.ടി.എ |
| 5 | പരിസ്ഥിതി പഠനാനുഭവം | ഫീൽഡ് സ്റ്റഡി. സാമ്പിൾ ശേഖരണം | ഓഗസ്റ്റ് അവസാനം | ഇക്കോ ക്ലബ്, സയൻസ് ക്ലബ്. | സ്കൂൾ അധ്യാപന ഫണ്ട്. |
| 6 | ഗവേഷണ വൈദഗ്ധ്യം വളർത്തൽ | വിദ്യാർത്ഥികൾക്ക് ചെറിയ ഗവേഷണ പദ്ധതി, പോസ്റ്റർ അവതരണം | സെപ്റ്റംബർ | അധ്യാപകർ | സയൻസ് ക്ലബ് |

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|---|
| 7 | അറിവ്, മികവ് പരീക്ഷിക്കൽ | സ്കൂൾതല ബയോളജി ക്വിസ്, ബോധൻ പ്രദർശനം | സെപ്റ്റംബർ പകുതി | സയൻസ് ക്ലബ് | സയൻസ് ക്ലബ് |
| 8 | വന്യജീവി സംരക്ഷണം. | വൈൽഡ് ലൈഫ് വീക്ക്- ഡോക്യുമെന്ററി, ചർച്ച പ്രതിജ്ഞ | ഒക്ടോബർ 2-7 | ഇക്കോ ക്ലബ് | പി.ടി.എ |
| 9 | കരിയർ ബോധവൽക്കരണം. | ജീവശാസ്ത്രത്തിൽ ജോലി അവസരങ്ങൾ - | ഒക്ടോബർ 3ാം ആഴ്ച | സയൻസ് ക്ലബ് | പി.ടി.എ |
| 10 | വിദ്യാർത്ഥി പ്രതിഭാ പ്രദർശനം | വർഷാന്ത്യ സയൻസ് എക്സിബിഷൻ | നവംബർ 2-ാം ആഴ്ച | ബയോളജി വിഭാഗം, സയൻസ് ക്ലബ് | പി.ടി.എ |
| 11 | പാഠഭാഗം പുനരാവർത്തനം | പിയർ ലേണിങ്, ഗ്രൂപ്പ് റിവിഷൻ ക്ലാസുകൾ | ജനുവരി - ഫെബ്രുവരി | ബയോളജി വിഭാഗം | സ്കൂൾ അധ്യാപന ഫണ്ട്. |
| 12. | പഠന ഫലങ്ങൾ രേഖപ്പെടുത്തൽ | വിദ്യാർത്ഥികളുടെ ശാസ്ത്ര മാസിക തയ്യാറാക്കൽ | മാർച്ച് | അധ്യാപക- വിദ്യാർത്ഥി കമ്മിറ്റി | പി.ടി.എ |
| | | | | | |

ഹൈസ്കൂൾ സാമൂഹ്യശാസ്ത്രം Academic Master Plan 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കാഴ്ച മേളം: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വയൽ കിളികൾ: സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടക്കുന്നു. നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 2. ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗര ബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ: സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യ സേവനം - ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസ്സുകൾ. |
| സാമൂഹ്യ ശാസ്ത്രത്തിൽ പഠിക്കുന്ന നിരീക്ഷണം വളർത്തുക. | സ്റ്റാർട്ട് അപ്പ്: സാമൂഹ്യശാസ്ത്ര ലാബുകൾ രൂപീകരിക്കുന്നു. ആകാശ കാഴ്ചകൾ, ഭൂപടങ്ങൾ എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ്. |
| 3. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 4. കുട്ടികൾ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | മൈ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രോജക്ട് റൂം etc. സിനിമ (ചരിത്ര സിനിമ പ്രദർശനം). | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5. വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും, ജലാശയങ്ങളെ കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ചരിത്ര കൊട്ടാരം: വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര വസ്തുക്കളുടെ ക്രോഡീകരണം. കണ്ടും, കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |